**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അന്താരാഷ്ട്ര സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക ദിനം ആചരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭകർക്കുള്ള കൈത്താങ്ങ് സഹായത്തിനായുള്ള ഹെല്പ് ഡെസ്കിന്റെ ഉദ്ഘാടനം സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1529/2022/LSGD    തീയതി,തിരുവനന്തപുരം, 25-06-2022

---

പരാമർശം:- 1. 30.03.2022 - ലെ സ.ഉ.(സാധാ) നം. 289/2022/വ്യവ

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.06.2022 ലെ എ3/299/2022/പി.ഡി.എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ

**<u>ഉത്തരവ്</u>**

2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചും അതുവഴി തൊഴിൽ സൃഷ്ടിക്കുന്നതിനുമുള്ള ബൃഹത്തായ പദ്ധതി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നുണ്ട്.

2. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിയോഗിച്ചിട്ടുള്ള ഇന്റേൺസിന്റെ പ്രവർത്തനങ്ങളും ഉത്തരവാദിത്തങ്ങളും നിശ്ചയിക്കുന്നതിനും തദ്ദേശ സ്ഥാപന തലത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വ്യക്തമായ മാർഗനിർദ്ദേശങ്ങൾ പരാമർശിത സർക്കുലർ പ്രകാരം നൽകിയിരുന്നു. തദ്ദേശ സ്ഥാപനങ്ങളിൽ സംരംഭകർക്കുള്ള കൈത്താങ്ങ് സഹായം ഉറപ്പാക്കുന്നതിനായുള്ള ഹെല്പ് ഡെസ്ക് സംവിധാനം അതത് തദ്ദേശസ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഈ ഹെല്പ് ഡെസ്കിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഇന്റേർണിന്റെ സേവനം പ്രയോജനപ്പെടുത്തുന്നതിനും ഇത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

3. 2022 ജൂൺ 27 അന്താരാഷ്ട്ര സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക ദിനമായി ആചരിക്കുകയാണ്. അതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭകർക്കുള്ള കൈത്താങ്ങ് സഹായം ഉറപ്പാക്കുന്നതിനായുള്ള ഹെല്പ് ഡെസ്കുകളുടെ ഉദ്ഘാടനം അതതു തദ്ദേശ ഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ നിർവഹിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, വ്യവസായ - വാണിജ്യ വകുപ്പ്
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 25-06-2022 17:52:07

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്